LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായി.

(ബി) കേരള ഹൗസിലെ സ്റ്റാഫ് കാന്റീനായ സമൃദ്ധി റസ്റ്റോറന്റിൽ ഗോമാംസം വിൽക്കപ്പെടുന്നു എന്ന തെറ്റായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡൽഹി പോലീസ് നിയമം ലംഘിച്ച്, റസിഡന്റ് കമ്മീഷണറുടെയോ കൺട്രോളറുടെയോ അനുവാദം കൂടാതെ 26-10-2015 വൈകുന്നേരം 4 മണിക്ക് കാന്റീനിൽ പ്രവേശിക്കുകയും കാന്റീനിലെ മെനു സംബന്ധിച്ച് കൗണ്ടറിലെ ജീവനക്കാരെ ചോദ്യം ചെയ്യുകയുമുണ്ടായി. ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുകയുണ്ടായില്ല. റസിഡന്റ് കമ്മീഷണറുടെയോ കേരള ഹൗസ് കൺട്രോളറുടെയോ മുൻകൂർ അനുവാദമില്ലാതെ കാന്റീനിൽ പ്രവേശിച്ച ഡൽഹി പോലീസ് നടപടിയിൽ ശക്തമായ പ്രതിഷേധം ഉണ്ടായി.

(സി) ഈ വിഷയത്തിൽ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റസിഡന്റ് കമ്മീഷണർ യഥാസമയം സർക്കാരിന് റിപ്പോർട്ട് നൽകുകയും ഡൽഹി പോലീസ് കമ്മീഷണർക്ക് പരാതി നൽകുകയും ചെയ്തു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയേയും കേന്ദ്ര ആഭ്യന്തര മന്ത്രിയേയും ശതമാനമായി പ്രതിഷേധം അറിയിക്കുകയും കേരള ഹൗസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കത്തയയ്ക്കുകയും ചെയ്തു.

(ഡി) സംഘപരിവാറുകാരുടെ പങ്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. സംസ്ഥാന സർക്കാർ ഡൽഹി പോലീസിന് പരാതി നൽകിയത് 27-10-2015-നാണ്.

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് പദ്ധതി

241 (249) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്നതരത്തിൽ, ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുകയും ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും 6000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളായ Transport, Immigration, Passport, Central Police agencies തുടങ്ങിയവയുടെ കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക യെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനുകീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി - കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് (SCRB). CCTNS പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് അപെക്സ് കമ്മിറ്റി, സ്റ്റേറ്റ് പോലീസ് ചീഫ് തലവനായുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി, എ.ഡി.ജി.പി. എസ്.സി.ആർ.ബി. തലവനായുള്ള സ്റ്റേറ്റ് മിഷൻ ടീം, ജില്ലാ പോലീസ് മേധാവികൾ തലവനായുള്ള ഡിസ്ട്രിക്ട് മിഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് ആന്റ് സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നതിനായി System Integrator (SI), ആയി TCS Ltd. (TATA Consultancy Services Ltd)-നെയും പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി Accenture Service Private Ltd.-നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പോലീസ് സ്റ്റേഷനുകളിലെ പോസ്റ്റ് ക്രിയേഷൻ

242 (250) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

ഉത്തരം

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ പുതിയതായി അനുവദിച്ച 7 പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 80988/ഇ 1/15/ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

വ്യാജ ഫോട്ടോ നിർമ്മിച്ചതിനെതിരെ ക്രിമിനൽ നടപടി

243 (251) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ക്രിമിനൽ നടപടി നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റകരമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2014-15-ലെ പഞ്ചായത്ത് സശക്തികരൻ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡൻഡ് എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവും നാദാപുരം പഞ്ചായത്തു പ്രസിഡന്റും) നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം, അദ്ദേഹം പ്രചരിപ്പിച്ചതായുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുൻ ഇന്ത്യൻ പ്രസിഡൻഡിന്റെ പേരും ഫോട്ടോയും ദുരുപയോഗപ്പെടുത്തിയ ആൾക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; കേസെടുത്തിട്ടുണ്ടെങ്കിൽ എതെല്ലാം കുറ്റങ്ങൾക്കെതിരെ; അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതിനും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും ക്രിമിനൽ നടപടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമാണെന്ന തരത്തിൽ വകുപ്പുകൾ ഇല്ല.